# മലങ്കര ശ്ലൈഹിക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ ഡോ.തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ: 72**

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും പള്ളികൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.*

കർത്താവിൽ വാത്സല്യമുള്ളവരേ,

സഭയുടെ ദൗത്യനിർവ്വഹണത്തിൽ സുപ്രധാന പങ്കുവഹിക്കുന്ന *മലങ്കര സഭാതാരക* 130 വർഷങ്ങൾ പിന്നിട്ടിരിക്കുന്നു. സഭാ കൗൺസിലിന്റെ തീരുമാനപ്രകാരം താരകയുടെ ജന്മമാസമായ ജനുവരി, താരകമാസമായി ആചരിച്ചുവരുന്നു.

2023 ജനുവരി താരകമാസമായി നമ്മുടെ എല്ലാ ഇടവകകളും ആചരിക്കണം. സഭാതാരകയ്ക്ക് കൂടുതൽ വായനക്കാരെയും വരിക്കാരെയും കണ്ടെത്തുക എന്ന ലക്ഷ്യത്തോടെയാണ് താരകമാസാചരണം ക്രമീകരിക്കുന്നത്. എല്ലാ മാർത്തോമ്മാ ഭവനങ്ങളിലും സഭാതാരക എന്ന ലക്ഷ്യം സഫലമാകുവാൻ ഇടവകതലത്തിൽ വരിക്കാരുടെ എണ്ണം വർദ്ധിപ്പിക്കണം. ഇടവക വികാരിയുടെ നേതൃത്വത്തിൽ ഒരാൾ ഈ ചുമതല നിർവ്വഹിക്കുന്നത് ഏറെ പ്രയോജനപ്രദമാണ്. സഭാ താരകയുടെ ഡപ്യൂട്ടേഷന്റെ ഭാഗമായി പ്രമോട്ടറോ, സഭാ പ്രതിനിധി മണ്ഡലാംഗമോ ഇടവക സന്ദർശിക്കുമ്പോൾ അവർക്കാവശ്യമായ പ്രോത്സാഹനവും സഹകരണവും വികാരി അച്ചനും ജനങ്ങളും നൽകി പരമാവധി വരിക്കാരെ കണ്ടെത്തുവാൻ ക്രമീകരണം ചെയ്യണം.

സഭയുടെ ഔദ്യോഗിക നാവ് എന്ന നിലയിൽ മെത്രാപ്പോലീത്തായുടെ കത്ത്, സഭാ വാർത്തകൾ, അറിയിപ്പുകൾ എന്നിവ താരകയിലാണ് പ്രസിദ്ധീകരിക്കുന്നത്. പത്രാധിപക്കുറിപ്പുകൾ, വേദപഠനം, സമകാലീന ചിന്തകൾ, ആനുകാലിക പ്രാധാന്യമുള്ള വിഷയങ്ങളെപ്പറ്റിയുള്ള ചർച്ചകൾ, ലേഖനങ്ങൾ, കത്തുകൾ, കവിതകൾ, അഭിമുഖങ്ങൾ, തുടങ്ങിയവ താരകയുടെ വിഭവങ്ങളാണ്. താരകയുടെ ഇംഗ്ലീഷ് പതിപ്പ് സെപ്റ്റംബർ മാസത്തിൽ സഭാ പ്രതിനിധി മണ്ഡലത്തിൽ വച്ച് പ്രകാശനം ചെയ്തുവല്ലോ. ആയതിന്റെ മാസംതോറുമുള്ള ഓൺലൈൻ പതിപ്പ് താരക വെബ്സൈറ്റിലൂടെ ലഭ്യമാണ്. വാർഷിക വരിസംഖ്യ 200 രൂപ.

നിലവിലുള്ള വരിക്കാർ പുതിയ വർഷത്തേക്കുള്ള വരിസംഖ്യ പുതുക്കിയും, പുതിയ വരിക്കാരെ ചേർത്തും താരകയുടെ എണ്ണം വർദ്ധിപ്പിക്കാൻ ശ്രമിക്കണം. താരകയുടെ വെബ്സൈറ്റായ www.tharakaonline.org Upgrade ചെയ്തതിനാൽ, Online payment ലൂടെയും മലയാളം, ഇംഗ്ലീഷ് പതിപ്പുകളുടെ വരിക്കാരാകുവാൻ സൗകര്യം ഒരുക്കിയിട്ടുണ്ട്. ഇന്ത്യക്കു പുറത്തുള്ള ആയുഷ്ക്കാല/സ്ഥിരകാല വരിക്കാർ പോസ്റ്റേജ് പുതുക്കിയും സഹായിക്കുമല്ലോ. താരകയുടെ വരിസംഖ്യ നൽകുമ്പോൾ നിലവിലുള്ള വരിക്കാർ റാപ്പറിലുള്ള Subscription (reference) Number കൂടി ചേർത്ത് പുതുക്കുന്നത് duplication ഉണ്ടാകാതിരിക്കുവാൻ സഹായകരമാകും എന്ന് ഓർമ്മിപ്പിക്കുന്നു.

എല്ലാ ഇടവകകളും സ്ഥാപനങ്ങളും സഭാതാരകയുടെ സ്ഥിരം വരിക്കാരാവണം. പത്ത് പുതിയ വരിക്കാരെ ചേർക്കുന്ന ഒരാൾക്ക് താരക ഒരു വർഷത്തേക്ക് സൗജന്യമായി ലഭിക്കും. വരിസംഖ്യ പുതുക്കിയും പുതിയ വരിക്കാരെ ചേർത്തും വരിക്കാരാകുവാൻ പ്രോത്സാഹിപ്പിച്ചും ഈ വർഷത്തെ സഭാതാരക മാസാചരണം കൂടുതൽ അർത്ഥവത്താക്കണം.

ഏവരുടേയും സഹകരണവും പങ്കാളിത്തവും പ്രതീക്ഷിക്കുന്നു.

കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ.

2022 ഡിസംബർ മാസം 19-ാം തീയതി തിരുവല്ലാ പൂലാത്തീനിൽ നിന്നും

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ**

# FROM THE APOSTOLIC SEE OF MALANKARA METROPOLITAN DR. THEODOSIUS MAR THOMA

**Circular No. 72**

*Blessings to you all the Vicars, Resident Clergy, Trustees and Members of all the Parishes under our authority.*

Beloved in Christ,

The "Malankara Sabha Tharaka", which plays a major role in fulfilling the mission of the Church has completed 130 years. As per the decision of the Sabha Council, January, the month of its origin, is observed as 'Month of the Tharaka' every year.

January 2023 shall be observed as the 'Month of the Tharaka' by all our parishes with a view to increase readership and subscription. The number of subscribers at the parish level should be increased so that a copy of the Tharaka reaches every Mar Thoma home. It is advantageous that one person in every parish undertakes this responsibility with guidance from the Vicar concerned. The Vicar and members of the parish should extend the required encouragement and support when the promoters of the Tharaka or the Prathinidhi Mandalam members visit the parish, so as to increase the number of subscribers.

Being the official organ of the Church, articles such as the letter of the Metropolitan, church news and official announcements are published through the Tharaka. In addition, the letter from the Editor, Bible studies, reflections and discussions on topics of current importance, letters to the editor, poems, interviews, etc. are published in the Tharaka. The English version of the Tharaka was released on the Prathinidhi Mandalam meeting held in September. The monthly edition of the English version is available on the Tharaka website with an annual subscription of Rs. 200.

Existing subscribers should increase membership by renewing their subscription and by adding new subscribers. As the website of the Tharaka www.tharakaonline.org has been upgraded, online payment facility to become subscribers of both the Malayalam and English versions has been provided. Overseas lifetime/permanent subscribers may help by renewing their postage charges. Existing subscribers are requested to quote the subscription (reference) number shown on the wrapper when they renew the subscription or postage, so as to avoid duplication in postage.

All parishes and institutions must take permanent subscription of the Tharaka. Anyone who enlists 10 new subscribers will be issued Tharaka for one year, free of cost. I call upon all to make the observance of the 'Month of the Tharaka' a more meaningful by encouraging the renewal of subscription and the addition of new subscribers.

The active participation and co-operation of all is solicited.

Grace be with you all.

Dated 19th December 2022 from Poolatheen, Tiruvalla

**Dr. Theodosius Mar Thoma Metropolitan**